**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 424** **08-08-2023 - ൽ മറുപടിയ്ക്ക്**

**കൊച്ചി ബ്രഹ്മപുരം മാലിന്യപ്ലാന്റിന്റെ പ്രവർത്തനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ഉബൈദുള്ള ,<br>ശ്രീ. ടി. വി. ഇബ്രാഹിം ,<br>ശ്രീ. നജീബ് കാന്തപുരം,<br>ശ്രീ. എ. കെ. എം. അഷ്റഫ് | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | കൊച്ചി ബ്രഹ്മപുരം മാലിന്യപ്ലാന്റിൽ കരാർ വ്യവസ്ഥക്ക് വിരുദ്ധമായി ബയോമൈനിംഗ് നടത്തി മാലിന്യങ്ങൾ അവിടെ തന്നെ സംഭരിച്ചിരുന്നതായി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (എ) | RDF (Refused Derived Fuel) സംഭരിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കരാർ വ്യവസ്ഥ പ്രകാരം ആയതു അടിയന്തിരമായി നീക്കം ചെയ്യുന്നതിന്, കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ പല പ്രാവശ്യം കത്ത് നൽകിയിട്ടുണ്ട്. |
| (ബി) | മാലിന്യപ്ലാന്റിൽ വേർതിരിച്ചെടുത്ത റെഫ്യൂസ് ഡിറൈവ്ഡ് ഫ്യൂവൽ 30 ദിവസത്തിനുള്ളിൽ നീക്കം ചെയ്യണമെന്ന വ്യവസ്ഥ ഹോണ്ട ഇൻഫ്രാടെക്ക് കമ്പനി പാലിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) | പാലിച്ചിട്ടില്ല. കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ പല പ്രാവശ്യം കത്ത് നൽകുകയും ആയത് പ്രകാരം നീക്കം ചെയ്യാമെന്ന് ഉറപ്പ് നൽകിയിട്ടുള്ളതുമാണ്. |
| (സി) | ബ്രഹ്മപുരത്തെ വേസ്റ്റ് ടു എനർജി പദ്ധതിയുടെ നിലവിലെ അവസ്ഥ എന്താണ് എന്ന് അറിയിക്കുമോ; | (സി) | ബ്രഹ്മപുരം മാലിന്യത്തിൽ നിന്നും വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നതിനായി ടെണ്ടർ വിളിക്കുവാൻ കെ.എസ്.ഐ.ഡി.സി.-യെ ചുമതലപ്പെടുത്തിയിരുന്നു. ആയത് പ്രകാരം കെ.എസ്.ഐ.ഡി.സി. ടെണ്ടർ ക്ഷണിച്ച് മെസ്സേഴ്സ് സോൺടാ ഇൻഫ്രാടെക് എന്ന സ്ഥാപനത്തെ തെരഞ്ഞെടുത്തുവെങ്കിലും കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ ഇതുവരെയും കരാറിൽ ഏർപ്പെട്ടിട്ടില്ലാത്തതിനാൽ ഈ പദ്ധതിയുമായി ബന്ധപ്പെട്ട മറ്റു നടപടികൾ ഒന്നും തന്നെ കൈക്കൊള്ളാൻ സാധിച്ചിട്ടില്ല. |
| (ഡി) | പ്ലാസ്റ്റിക് വേർതിരിച്ചെടുക്കുന്നതിനും സംസ്കരിക്കുന്നതിനും എന്തെല്ലാം സംവിധാനങ്ങൾ ഏർപ്പെടുത്താനാണ് ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ? | (ഡി) | കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ പരിധിയിൽ നിന്നും പ്ലാസ്റ്റിക് ഉൾപ്പടെയുള്ള അജൈവ മാലിന്യങ്ങൾ വാതിൽപ്പടി ശേഖരണം നടത്തുന്നതിന് ഹരിതകർമ്മ സേനയെ എല്ലാ വാർഡുകളിലും വിന്യസിച്ചിട്ടുള്ളതും അവർ ശേഖരിക്കുന്ന പ്ലാസ്റ്റിക്ക് മാലിന്യം നഗരസഭ സ്ഥാപിച്ചിട്ടുള്ള എം.സി.എഫ്. / ആർ.ആർ.എഫ്. സംവിധാനം വഴി വേർതിരിച്ച് ബെയിലിംഗ് നടത്തി നീക്കം ചെയ്യുന്നതിന് ഹരിത സഹായ സംഘങ്ങളെ നിയമിച്ചിട്ടുള്ളതുമാണ്. |

| | | | |
|---|---|---|---|
| | | | കൂടാതെ ക്ലീൻ കേരള കമ്പനിയും മാലിന്യസംസ്കരണ രംഗത്ത് കൊച്ചി കോർപ്പറേഷനുമായി സഹകരിച്ചു പ്രവർത്തിക്കുന്നുണ്ട്. ബ്രഹ്മപുരം തീപ്പിടുത്തതിനുശേഷം കൊച്ചിയിൽ പുതുതായി 20 MCF, 4 RRF എന്നിവ സ്ഥാപിച്ചിട്ടുണ്ട്. ക്ലീൻ കേരള കമ്പനി 1007 ടൺ മാലിന്യങ്ങൾ ഇതിനകം നീക്കം ചെയ്തിട്ടുണ്ട്. മാലിന്യങ്ങൾ സിമന്റ് കമ്പനികളിൽ അയക്കുന്നതിനുള്ള സംവിധാനവും ഒരുക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ